## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5347 27.07.2015 - ൽ മറുപടിക്ക്

### എൻ. എച്ച്. 220 യുടെ വീതി കൂട്ടാനുള്ള പണികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) എൻ. എച്ച്. 220 (കോട്ടയം - കുമളി) ന്റെ വീതി കൂട്ടാനുള്ള പണികൾ എന്നാണ് ആരംഭിക്കുക ; | (എ) എൻ. എച്ച്. 220, പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി കൊറിഡോർ അപ്രോച്ച് മുഖാന്തിരം ഘട്ടം ഘട്ടമായി കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി 2015 - 2016 വാർഷിക പദ്ധതിയിൽ (Corridor Approach) ഉൾപ്പെടുത്തി കോട്ടയം മുതൽ മുണ്ടക്കയം വരെ വീതി കൂട്ടുന്നതിനായുള്ള ഫീസിബിലിറ്റി സ്റ്റഡിക്കായി ഒരു കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) മേൽപ്പറഞ്ഞ റോഡിൽ വാഴൂർ പുളിക്കൽ കവല മുതൽ പൊൻകുന്നം വരെയുള്ള ദൂരം ഇരുവശത്തും എത്ര മീറ്റർ വീതമാണ് | (ബി) ഇതിനായുള്ള വിശദമായ പദ്ധതി രേഖ (ഡി. പി. ആർ) തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ ഇക്കാര്യം നിർണ്ണയിക്കാൻ |

ഏറ്റെടുക്കുന്നത് ; അതിനുള്ള നടപടികൾ പൂർത്തിയാക്കി അടയാളം ചെയ്തോ ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാകും ;

കഴിയുകയുള്ളൂ.

(സി) പ്രസ്തുത പ്രദേശത്ത് റോഡിന് ഇരുവശത്തും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ബിൽഡിംഗ് റൂൾസ് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടില്ല.

(ഡി) പ്രസ്തുത പ്രദേശത്ത് നിലവിൽ എത്ര കെട്ടിടങ്ങൾ വീതി കൂട്ടലിനായി പൊളിക്കേണ്ടിവരും ;

(ഡി) വിശദമായ പദ്ധതി രേഖ (D.P.R) തയ്യാറാക്കിയാൽ മാത്രമേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) മേൽപ്പറഞ്ഞിരിക്കുന്ന ദൂരത്തിൽ റോഡിൽ എത്ര കൊടും വളവുകൾ നിർണ്ണയിച്ചിട്ടുണ്ട് ; ഈ ഭാഗങ്ങളിൽ കൂടുതലായി സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ടോ; വിശദമാക്കുമോ ?

(ഇ) ഡി. പി. ആർ തയ്യാറാക്കിയാൽ മാത്രമേ ഇക്കാര്യം നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. കഴിവതും കൊടും വളവുകൾ ഒഴിവാക്കിയായിരിക്കും അലൈൻമെന്റ് പരിഷ്ക്കരിക്കുക.

സെക്ഷൻ ഓഫീസർ

V